5 0 0 0 0 രൂപായിൽ കൂടുതൽ ചെലവുവരുന്ന പൊതുമരാമത്തു ജോലികൾ തുടങ്ങരുതെന്നു് എന്തെങ്കിലും നിർദ്ദേശം ഗവണ്മെൻറു് അഡിപ്പാർട്ടുമെൻറിനു നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ കാരണമെന്താണെന്നു വെളിപ്പെടുത്തുമോ?

HON'BLE MR. A. ATCHUTHAN : അങ്ങനെ ഒരു ഉത്തരവു് ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടില്ല.

കൊല്ലം പോർട്ടു്.

47. MR. MOHAMMED MUSTAFA : താഴെ ക്കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലം പോർട്ടു് ഒരു മേജർ ഹാർബർ ആയി അഭിവൃദ്ധിപ്പെടുത്തുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറിൻെറ നയമെന്താണു്?

(ബി) അതിനു് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ? ഉണ്ടെങ്കിൽ ഇനിയും എത്രകാലത്തെയ്ക്കുകൂടി ഉണ്ടായിരിക്കും?

(സി) ആ തടസ്സം നീക്കുവാൻ ഗവണ്മെൻറു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : (എ) കൊല്ലം പോർട്ടു് ഒരു മേജർ ഹാർബർ ആക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നില്ല.

(ബി) (സി). മുൻ നൽകിയ മറുപടി അനുസരിച്ചു് ഈ ചോദ്യങ്ങൾക്കു പ്രസക്തിയില്ല.

MR. MANNAR GOPALAN NAIR : സർ, ഒരു പായിൻറു് ആഫ് ആർഡർ. ഗവണ്മെൻറിൻെറ നയത്തെസംബന്ധിച്ചു് ചോദ്യത്തുപേണ ചോദിക്കാമോ? ഈ ചോദ്യത്തിൻെറ (എ) വകുപ്പിൽ ഗവണ്മെൻറിൻെറ നയമെന്താണെന്നു ചോദിച്ചിരിക്കുന്നു. അങ്ങനെ ചോദിക്കാമോ?

MR. PRESIDENT : വിരോധമില്ല.

HON'BLE MR. T. M. VARGHESE : കൊല്ലം പോർട്ടു് ഒരു മേജർ ഹാർബർ ആക്കാൻ ഗവണ്മെൻറു് ഉദ്ദേശിച്ചിട്ടില്ല, ഉദ്ദേശിക്കുന്നുമില്ല. ആ സ്ഥിതിക്കു് എന്തെങ്കിലും സാങ്കേതികതടസ്സമുണ്ടോ എന്നും, ഗവണ്മെൻറു് അതിനു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നുമുള്ള ചോദ്യങ്ങൾ ഉദിക്കുന്നില്ല.

MR. MOHAMMED MUSTAFA : അവിടെ ഒരു പോർട്ടുണ്ടാക്കുന്നതിനുള്ള സൗകര്യം ഉണ്ടെന്നു ഗവണ്മെൻറിനു് അറിവുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : സെക്രട്ടറിമുണ്ടെന്നുവരികിൽ ഗവണ്മെൻറ് അതു ചെയ്യുമായിരുന്നു.

MR. K. RAMACHANDRAN : കൊല്ലം പോർട്ടിൽ എത്ര ടണ്ട് ചരക്കുകളാണ് കൈകാര്യം ചെയ്യുന്നതെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. M. VARGHESE : അതു വേണമെങ്കിൽ കണക്കെടുത്തുപറയാം.

MR. K. A. MUHAMMED : അവിടെ ഒരു മേജർ പോർട്ട് അതുക്കാൻ ഒക്കുകയില്ലെങ്കിൽ ഒരു പിയർ എങ്കിലും കെട്ടാൻ ഗവണ്മെൻറുദ്ദേശിക്കുമോ?

HON'BLE MR. T. M. VARGHESE : അതാലോചിച്ചു തീർച്ച പറയാമെന്നു നിവൃത്തിയുള്ളൂ.

MR. R. SANKAR (*Quilon IV—General*) : കൊല്ലത്തുനിന്നും അന്യരാജ്യത്തേക്ക് അയക്കുന്ന അനേകം സാധനങ്ങൾ ഉണ്ടെന്നറിയാമോ?

HON'BLE MR. T. M. VARGHESE : അനേകം സാധനങ്ങൾ ഉണ്ടെന്ന് അറിഞ്ഞുകൂടാ. ചില സാധനങ്ങൾ ഉണ്ടെന്നറിയാം.

MR. K. A. MUHAMMED : കൊല്ലം ഒരു മേജർ പോർട്ടാക്കുന്നതിന് എപ്പ്. അൻറ് സി. കമ്പനിക്കാർ വല്ല നിർദ്ദേശവും സമർപ്പിച്ചിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ഉള്ളതായിട്ടറിവില്ല. വ്യക്തിപരമായ നിലയിൽ പറയുകയാണെങ്കിൽ അങ്ങിനെ മുമ്പു ഉണ്ടായതായി കേട്ടിട്ടുണ്ട്.

MR. MOHAMMED MUSTAFA : കൊല്ലത്ത് ഒരു മേജർ ഹാർബർ ഉണ്ടാക്കുന്നതിലേയ്ക്ക് ഗവണ്മെൻറ് എപ്പോഴെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : അവിടെ ഒരു മേജർ ഹാർബർ ഉണ്ടാക്കുന്നതിനു പ്രതിബന്ധങ്ങൾ ഉണ്ടെന്നു അറിയാൻ ഇടവന്നതു അന്വേഷണത്തിൻറെ ഫലമായിട്ടാണ്?

Bridges.

48. MR. P. S. MUHAMMED (*Moovattupuzha I—Muslim*) : Will the Honourable Minister for Public Works be pleased to state :

(*a*) whether it was brought to the notice of the Government about the unsafe condition of the 3 bridges, *i. e.*, Chavara bridge, Kannittil bridge and the Thottapalli bridge on road between Quilon and Alleppy;

(*b*) how long these bridges were found in the same condition; and

(*c*) the reasons why these bridges are being kept in the damaged condition ?

LIBRARY ARCHIVES Kerala Legislative Assembly